# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2464 — 17.08.2017 ലെ മറുപടി

### പുഴകളിൽ റെഗുലേറ്ററുകൾ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**
**'' തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**'' എൽദോസ്.പി.കുന്നപ്പിള്ളിൽ**
**'' കെ.മുരളീധരൻ :**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ജലശോഷണവും കുടിവെള്ള ക്ഷാമവും പരിഹരിക്കാനായി സംസ്ഥാനത്തെ പുഴകളിൽ റെഗുലേറ്ററുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രൂപീകരിച്ചിട്ടുണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പ്രകാരം ജലശോഷണവും കുടിവെള്ള ക്ഷാമവും പരിഹരിക്കാനായി സംസ്ഥാനത്തെ പുഴകളിൽ ഏകദേശം മുപ്പതോളം റഗുലേറ്റർ പ്രത്യേക നിക്ഷേപ പദ്ധതിയായ 'കിഫ്ബി'യുടെ ധനസഹായത്തോടെ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എങ്ങനെ പണം കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) പ്രത്യേക നിക്ഷേപ പദ്ധതിയായ 'കിഫ്ബി'യുടെ ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) റെഗുലേറ്ററുകൾ പണിയുവാൻ എന്തെല്ലാം പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും, ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>റഗുലേറ്ററുകളുടെ സ്ഥാന നിർണ്ണയവും മണ്ണു പരിശോധനയും പൂർത്തീകരിച്ചു വരുന്നു. റഗുലേറ്ററുകളുടെ രൂപ കൽപന പുരോഗതിയിലാണ്. |

**സെക്ഷൻ ഓഫീസർ**